(സി) കായംകുളം ട്രഷറി ആഫീസുമായി ബന്ധപ്പെട്ട ഒരു ഭാഗം പോലീസ് വകുപ്പിന്റെ അധീനതയിലായതിനാൽ ട്രഷറി പ്രവർത്തനങ്ങൾക്ക് ആവശ്യമായ സ്ഥലം തികയാതെ വന്നിരിക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കായംകുളത്തെ ഡിവൈ.എസ്.പി. ആഫീസ് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ടോ?

ഉത്തരം

(എ)&(ബി) കായംകുളം പോലീസ് സ്റ്റേഷൻ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കരീലക്കുളങ്ങര, കനകക്കുന്ന് പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(സി) കായംകുളം ട്രഷറി ഓഫീസിന്റെവക കെട്ടിടങ്ങൾ ഒന്നും തന്നെ പോലീസ് വകുപ്പിന്റെ അധീനതയിലില്ല.

(ഡി) കായംകുളം ഡിവൈ.എസ്.പി. യുടെ ഓഫീസ് പൂർണ്ണമായും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു.

75 (1435) പത്തനാപുരത്ത് സർക്കിൾ ഇൻസ്പെക്ടർ ഓഫീസ്

ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പത്തനാപുരത്ത് ഒരു പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസ് അനുവദിക്കണമെന്ന നിവേദനം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് പത്തനാപുരത്ത് അനുവദിച്ച പോലീസ് സർക്കിൾ ഓഫീസ് പത്തനാപുരത്തു നിന്നും അഞ്ചലിലേയ്ക്ക് മാറ്റിക്കൊണ്ടു പോയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) നിവേദനം ലഭിച്ചിരുന്നു. എന്നാൽ ഇക്കാര്യം സംബന്ധിച്ച നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉണ്ട്. 24.2.'94 ലെ സർക്കാർ ഉത്തരവ് നം.ജി.ഒ (എം.എസ്) 27/94/ആഭ്യന്തരം പ്രകാരം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് പോലീസ് സ്റ്റേഷനുകളിൽ സി.ഐ.എസ്. എച്ച്.ഒ. മാരെ നിയമിക്കുന്നതിന്റെ ഭാഗമായി പോലീസ് സർക്കിൾ ഓഫീസുകൾ പുനർനിർണ്ണയം ചെയ്തപ്പോൾ പത്തനാപുരത്ത് ഒരു പോലീസ് സർക്കിൾ ഓഫീസ് അനുവദിക്കുകയുണ്ടായി. എന്നാൽ ചില താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് പോലീസ് സ്റ്റേഷനുകളിൽ അവിടുത്തെ ജോലി ഭാരവും മറ്റു പ്രാദേശിക പ്രശ്നങ്ങളും കണക്കിലെടുക്കുംമ്പോൾ സി.ഐ. എസ്.എച്ച്.ഒ.മാരുടെ സേവനം ആവശ്യമില്ലെന്നു കണ്ടതിനാൽ 16.8.'94 ലെ സർക്കാർ ഉത്തരവ് നം.ജി.ഒ (എം.എസ്) 138/94/ആഭ്യന്തരം പ്രകാരം പോലീസ് സർക്കിളുകൾ വീണ്ടും പുനഃസംഘടിപ്പിക്കുകയുണ്ടായി. ഈ പുനഃസംഘടനയിൽ പത്തനാപുരം സർക്കിൾ ഓഫീസ് നിർത്തലാക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചലിൽ പുതുതായി ഒരു പോലീസ് സർക്കിൾ ഓഫീസ് അനുവദിക്കുകയുമുണ്ടായി.

76 (1436) പോലീസ് ഡിപ്പാർട്ടുമെന്റിന്റെ സ്റ്റേറ്റ് സ്റ്റാഫ് കൗൺസിൽ യോഗം

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഡിപ്പാർട്ടുമെന്റിന്റെ സ്റ്റേറ്റ് സ്റ്റാഫ് കൗൺസിൽ വർഷത്തിൽ എത്ര തവണയാണ് യോഗം ചേരാറുള്ളത്;

(ബി) ജില്ലാ പോലീസ് ഡിപ്പാർട്ടുമെന്റ് സ്റ്റാഫ് കൗൺസിൽ യോഗങ്ങൾ വർഷത്തിൽ എത്ര തവണ കൂടണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്; ആ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ;

(സി) സംസ്ഥാന ജില്ലാ പോലീസ് കൗൺസിൽ യോഗങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാറുണ്ടോ;

(ഡി) പ്രസ്തുത സ്റ്റാഫ് കൗൺസിലുകളുടെ തീരുമാനങ്ങൾ അടങ്ങുന്ന രേഖയുടെ പകർപ്പ് പോലീസ് സേനയിൽ ഉള്ളവർ അപേക്ഷിച്ചാൽ കൊടുക്കുന്നതിന് വ്യവസ്ഥയുണ്ടോ;

(ഇ) പോലീസ് ഡിപ്പാർട്ടുമെന്റിലെ അച്ചടക്ക നിയമങ്ങൾ പോലീസ് സ്റ്റാൻഡിംഗ് ഓർഡർ തുടങ്ങിയവയിൽ കാലാനുസൃതമായ പരിഷ്കാരങ്ങൾ നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) വർഷത്തിൽ രണ്ടു തവണ.

(ബി) വർഷത്തിൽ നാലുതവണ (മൂന്ന് മാസത്തിലൊരിക്കൽ) കൂടണമെന്ന് വ്യവസ്തയുണ്ട്. ഇത് പാലിക്കപ്പെടുന്നുണ്ട്.

(സി) നടപ്പിലാക്കാറുണ്ട്.

(ഡി) വ്യവസ്ഥയില്ല.

(ഇ) കേരള പോലീസ് മാനുവൽ പരിഷ്കരിക്കുന്ന നടപടി ഒരു എ.ഡി.ജി.പി.യുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

77 (1437) ടെലിഫോണും വാഹനവും ഇല്ലാത്ത പോലീസ് സ്റ്റേഷനുകൾ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പോലീസ് സ്റ്റേഷനുകൾ ഉണ്ട്;

(ബി) ഈ പോലീസ് സ്റ്റേഷനുകളിൽ എവിടെയൊക്കെ ടെലിഫോൺ, വാഹനം എന്നീ സൗകര്യങ്ങൾ ഇല്ല എന്നുള്ളത് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly